008216
6/2/19


കേരള സർക്കാർ

ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ്,
സോഷ്യൽ വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻ കോംപ്ലക്സ്,
പൂജപ്പുര, തിരുവനന്തപുരം - 12.
ഫോൺ 0471-2347704.


# സർക്കുലർ

വിഷയം :- എസ്.സി.പി.ഡബ്ല്യു.ഡി-പുതുതായി നിർമ്മിക്കുന്ന പൊതു കെട്ടിടങ്ങൾ, സ്കൂൾ, ഹോട്ടൽ, മാൾ, ഹാൾ, ആഡിറ്റോറിയം എന്നിവയിൽ ഭിന്നശേഷി സൗഹൃദമാക്കുന്നത് - സംബന്ധിച്ച്.

=====================================================================

നം.2729/എസ്3/18/എസ്.സി.പി.ഡബ്ല്യൂ.ഡി തീയതി, തിരുവനന്തപുരം, 11.01.2019.

=====================================================================

പരാമർശം : - 2016 - ലെ Rights of Persons with Disabilities Act.

സൂചനയിലെ ആക്റ്റിൽ കെട്ടിടങ്ങൾ, റെയിൽവേ സ്റ്റേഷൻ, എയർപോർട്ട്, പാർക്കിംഗ് സ്ഥലങ്ങൾ, ടോയിലറ്റ്, ടിക്കറ്റ് കൗണ്ടർ തുടങ്ങി പൊതു സ്ഥലങ്ങൾ ഭിന്നശേഷി സൗഹൃദമക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. സർക്കാർ ഇത് സംബന്ധിച്ച് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടും കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമല്ലയെന്ന് നിരവധി പരാതികൾ ദിനംപ്രതി കമ്മീഷണറേറ്റിൽ ലഭിച്ചു കൊണ്ടിരിക്കുന്നു. ഓഫിസുകൾ, പൊതുകെട്ടിടങ്ങൾ മുതലായവ ഭിന്നശേഷി സൗഹൃദമാക്കിയിരിക്കണം എന്നുള്ള പരാമർശിത നിയമത്തിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമായിട്ടുള്ളതാണ് ഇത്. ആയതിനാൽ പുതിയതായി നിർമ്മിക്കുന്ന പൊതു കെട്ടിടങ്ങൾ, സ്കൂൾ, ഹോട്ടൽ, മാൾ,ഹാൾ, ആഡിറ്റോറിയം തുടങ്ങിയ എല്ലാ കെട്ടിടങ്ങളും ഭിന്നശേഷി സൗഹൃദമായി നിർമ്മിക്കുന്നതിനായി സ്കെച്ചിൽ ഇതുമായി ബന്ധപ്പെട്ടുള്ള വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളവർക്കു മാത്രമേ തദ്ദേശ സ്വയം ഭരണ വകുപ്പ്/ പൊതുമരാമത്തു വകുപ്പ് നിർമ്മാണാനുമതി നൽകാവൂ.

ഡോ. ഹരികുമാർ. ജി
അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണർ ആന്റ്
ഗവ: സെക്രട്ടറി (എക്സ്-ഒഫിഷ്യോ)

എല്ലാ വകുപ്പ് തലവന്മാർക്കും (ചീഫ് എഞ്ചിനീയർ ബിൽഡിംഗ്സ് ആന്റ് അഡ്മിനിസ്ട്രേഷൻ)
റെയിൽവെ ഡിവിഷണൽ മാനേജർ, സതേൺ റെയിൽവെ, തിരുവനന്തപുരം.
എല്ലാ സർവ്വകലാശാലാ വൈസ്ചാൻസിലർമാർക്കും.
വിവര പൊതുജന സമ്പർക്ക വകുപ്പ് (പത്രമാധ്യമങ്ങൾ, ഇലക്ട്രോണിക് മീഡിയ- എന്നിവ വഴി വേണ്ട പ്രചാരണത്തിന്)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി